HADA പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ പ്രവൃത്തികൾ

46 (1444) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) HADA പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രവർത്തികൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ പരിശോധനയിലാണ്.

അതുല്യം പദ്ധതിയും ബ്ലോക്ക് പഞ്ചായത്തുകളും

47 (1445) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാക്ഷരതാ മിഷൻ വഴി നടപ്പിലാക്കി വരുന്ന അതുല്യം പദ്ധതിയുടെ വിജയത്തിലേക്കായി എത്ര ബ്ലോക്ക് പഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നുണ്ട് ;

(ബി) പ്രോജക്ട് തയ്യാറാക്കാതെയും സാമ്പത്തിക സഹായം ചെയ്യാതെയും പദ്ധതിയുമായി സഹകരിക്കാതെയും പല ബ്ലോക്ക് പഞ്ചായത്തുകളും നിസ്സഹകരണ മനോഭാവം പ്രകടിപ്പിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാനും പദ്ധതി വിജയിപ്പിക്കുവാനും നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 31 ബ്ലോക്ക് പഞ്ചായത്തുകൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly